# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION.DECEMBER 2025.₹5.00

VOL. 12 - ISSUE NO. 05 - DATE OF PUBLICATION 25TH DECEMBER, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




## പുതുവർഷം: പുതു നിയമങ്ങളും വെല്ലുവിളികളും!

- വ്യവസായങ്ങൾ നടത്തുന്നതിനുള്ള ലൈസൻസ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് നൽകണം
- മാറുന്ന വാടക നിയമങ്ങൾ: കേരളത്തിന്റെ ഭാവി; വെല്ലുവിളികളും സാധ്യതകളും
- കാർഷിക സംരംഭങ്ങൾക്ക് ജാമ്യമില്ലാതെ രണ്ട് കോടി രൂപ വായ്പയും മൂന്ന് ശതമാനം പലിശയിളവും




KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
വ്യാവസായിക പ്രദർശനവും
വ്യവസായി സംഗമവും.......................................3

➢ **പ്രസിഡൻഷ്യൽറിപ്പോർട്ട്:**
2026-2027 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എം. എസ്. എം. ഇ. മേഖലയ്ക്ക് ഗണ്യമായ തുക നീക്കിവയ്ണം............................................5

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
വ്യവസായത്തിനുള്ള അനുമതി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് നൽകണം.................................................................6

➢ പുതിയ വാടക ലീസ് നിയമങ്ങളും സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വവും കേരളത്തിന് മുന്നോട്ടുള്ള വഴി..................................................7

➢ ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസും വ്യക്തിഗത/ഫാമിലി ഇൻഷുറൻസും തമ്മിലുള്ള താരതമ്യപഠനം.................................................10

➢ ഐ ഐ ഇ ഇൻവിറ്റേഷൻ & ഷെഡ്യൂൾ.......12

➢ പ്ലാസ്റ്റിക്ക് റീസൈക്ലിങ്.......................................17

➢ കാർഷിക സംരംഭങ്ങൾക്ക് ജാമ്യമില്ലാതെ രണ്ട് കോടി...........................................................19

➢ ഉൽപാദന സംരംഭങ്ങൾ തുടങ്ങാനുള്ള ഭയവും വാണിജ്യ മേഖലയോടുള്ള അതിരുകടന്ന ആത്മവിശ്വാസവും...........................................21

➢ സർവ്വം മുള മയം............................................22

**KSSIA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - DECEMBER 2025 - ₹5.00

## എഡിറ്റോറിയൽ

### വ്യാവസായിക പ്രദർശനവും വ്യവസായി സംഗമവും



കേരളം കുതിക്കുകയാണ് പുരോഗതിയുടെ പാതയിലൂടെ. വ്യവസായ വികസനവും അതിലൂടെ സാമ്പത്തിക നേട്ടവും ലക്ഷ്യമിടുന്ന സർക്കാരിന്റെ ഉത്സാഹ പ്രവർത്തനത്തിൽ നമ്മുടെ സംഘടനയും പ്രസിദ്ധീകരണവും പങ്കുചേർന്നു പരമാവധി പ്രവർത്തിക്കുകയാണല്ലോ. നമ്മുടെ പ്രവർത്തനവും പങ്കാളിത്തവും ശക്തിപ്പെടുത്തുവാനുള്ള ശ്രമത്തിലാണ് നാം.

അതിൻറെ ഭാഗമായി ഈ മാസം 16, 17, 18 തീയതികളിൽ നാം കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എക്സിബിഷനേയും വ്യവസായികളുടെ മഹാസംഗമത്തേയും കുറിച്ചും, നമ്മുടെ മാസികയുടെ കഴിഞ്ഞ ലക്കത്തിൽ വിശദമായി പ്രതിപാദിച്ചിരുന്നല്ലോ. അതിലെ പ്രധാന പരിപാടിയായ സംഗമ ദിനത്തിൽ മുഖ്യമന്ത്രിയാണ് പ്രധാന അതിഥി. അദ്ദേഹത്തിൻറെ സൗകര്യാർത്ഥം പതിനെട്ടാം തീയതി 5 മണിയിലേക്ക് പരിപാടി മാറ്റിയിട്ടുണ്ട്.

അന്നേ ദിവസം യഥാസമയം വ്യവസായവുമായി ബന്ധപ്പെട്ട സർവ്വരും നിലവിലെ എല്ലാ വ്യവസായികളും വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവരും വ്യവസായത്തെ സ്നേഹിക്കുന്നവരും യഥാസമയം എത്തി വിജയിപ്പിക്കുമല്ലോ. നമ്മൾ വ്യവസായ സ്നേഹികളുടെ ഒത്തൊരുമയും ശക്തിയും പ്രകടിപ്പിക്കുന്ന ഒരു വേദിയായി ഈ സമ്മേളനത്തെ മാറ്റാം എന്ന പ്രതീക്ഷയോടെ

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

DEPARTMENT OF INDUSTRIES & COMMERCE
GOVERNMENT OF KERALA

K-bip



# Opportunity for Growth in Micro Food Processing Sector

## Pradhan Mantri Formalisation of Micro Food Processing Enterprises (PMFME) Scheme

- Credit Linked Subsidy up to Rs.10 Lakhs
- Seed Capital Assistance up to Rs.40,000/- for SHG members
- Rs.3 Crores for Common Infrastructure
- End-to-End Handholding Support to each Applicant

**PMFME KERALA HELPLINE**
**97470 22883**

For more information
**Please contact District Industries Centres**


**DIRECTORATE OF INDUSTRIES & COMMERCE**
3rd Floor, Vikas Bhavan
Vikas Bhavan P.O., Thiruvananthapuram - 695033.
Tel: +91 471 2302774 | Fax No.: +91 471 2305493
E-mail: industriesdirectorate@gmail.com
www.industry.kerala.gov.in

K-bip
**KERALA BUREAU OF INDUSTRIAL PROMOTION**
2, Vidhya Nagar, Opposite Police Ground, Thycaud P.O.,
Thiruvananthapuram - 695014.
Tel: +91 471 2321882 | Fax: +91 471 2322883
Email: kbip@keralaindustry.org
www.kbip.org



# 2026-2027 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എം. എസ്. എം. ഇ. മേഖലയ്ക്ക് ഗണ്യമായ തുക നീക്കിവയ്ക്കണം.



## പ്രസിഡൻഷ്യൽ റിപ്പോർട്ട്


ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രണ്ടാം സർക്കാരിന്റെ അവസാന ബഡ്ജറ്റാണ് ധനകാര്യവകുപ്പ് മന്ത്രി അവതരിപ്പിക്കാൻ പോകുന്നത്. ഈ പത്തുവർഷക്കാലം പ്രത്യേകിച്ച് നിലവിലെ ഇടതുപക്ഷ സർക്കാർ വ്യവസായ മേഖലയിൽ സൃഷ്ടിച്ച വ്യവസായ വിപ്ലവം ഇന്ത്യയ്ക്കു തന്നെ മാതൃകയാണ്. നിക്ഷേപകരെയും സംരംഭകരെയും നമ്മുടെ സംസ്ഥാനത്തു ആകർഷിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യവസായ മേഖല പൊതുവെ സ്വാഗതം ചെയ്തതാണ്.'ഈസ് ഓഫ് ഡൂയിംഗ്' ബിസിനസ്സിൽ മറ്റു സംസ്ഥാനങ്ങളെ പിന്നിലാക്കി രണ്ടാമതും ഒന്നാം സ്ഥാനം കൈവരിച്ചിരിക്കുകയാണ്. ഈ സ്ഥാനം നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകരെയും, സംരംഭകരെയും ആകർഷിക്കുന്നതിനും, സർക്കാരിന്റെ ശ്രദ്ധകൂടുതൽ പതിയേണ്ടതുണ്ട്. 2023 സംരംഭക വർഷത്തിനു ശേഷം സംസ്ഥാനത്തു ഏതാണ്ട് 5 ലക്ഷത്തിലധികം ആരംഭിച്ച സംരംഭങ്ങൾക്കും, പുതിയതായി വരുന്ന സംരംഭകർക്കും സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ബഡ്ജറ്റ് വിഹിതം ഗണ്യമായി നീക്കിവെയ്ക്കേണ്ടതായിട്ടുണ്ട്. 100 സ്വകാര്യ വ്യവസായ പാർക്കുകളാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. ഓരോ പാർക്കിനും 3 കോടി രൂപ വെച്ചു 100 പാർക്കിനു 300 കോടി രൂപ വരും. സംസ്ഥാനത്തു ഇപ്പോൾ നാൽപ്പതു വ്യവസായ പാർക്കുകൾക്കു മാത്രം 120 കോടി രൂപ വരും, മിഷൻ 1000 പദ്ധതി പ്രകാരം വാഗ്ദാനം ചെയ്ത ഓരോ സ്ഥാപനത്തിനും 2 കോടി രൂപവെച്ച് 1000 സ്ഥാപനങ്ങൾക്കു നല്കാൻ 2000 കോടി രൂപ വരും. വ്യവസായ ഏജൻസികളായ DA/DP, KSIDC, KINFRA, SIDCO & INKEL പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയവയാണ് സംസ്ഥാനത്തിലെ വ്യവസായ വികസന ഏജൻസികൾ.എല്ലാ ഏജൻസികൾക്കും കൂടി വളരെ തുച്ഛമായ തുകയാണ് മുൻ കാലങ്ങളിൽ ബഡ്ജറ്റിൽ നീക്കിവെയ്ക്കുന്നത്.

ഇതുകാരണം വാഗ്ദാനം ചെയ്ത സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കാൻ ഫണ്ട് ലഭിക്കാതെ സംരംഭകരും ഉദ്യോഗസ്ഥരും ഒരുപോലെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഒരവസ്ഥയുണ്ട്. എം, എസ്. എം. ഇ മേഖലയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്തു വൻകിടക്കാർക്ക് നല്കുന്ന ആനൂകൂല്യങ്ങൾ, ചെറുകിട മേഖലയ്ക്കും അനുവദിക്കണം, സ്വകാര്യപാർക്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനു നല്കുന്ന 3 കോടി രൂപയുടെ പരിധി എടുത്തുകളയണം, വ്യവസായ എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനും മതിയായ ഫണ്ട് നീക്കിവെയ്ക്കണം, മൂലധന സബ്സിഡി മാനദണ്ഡം പരിഷ്കരിച്ച പരിധിയില്ലാതെ 25 ശതമാനമായി നിശ്ചയിക്കണം. എം. എസ്. എം. ഇ. മേഖലയ്ക്കു പ്രത്യേക പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിക്കണം, ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതിയ്ക്ക് 250 കോടി രൂപ നീക്കിവെയ്ക്കണം. തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കാൻ ഫണ്ടിന്റെ അഭാവം ഒരു തടസ്സമായി നില്ക്കരുത്. മേൽപ്പറഞ്ഞ വസ്തുതകൾ അനുഭാവപൂർവ്വം പരിഗണിച്ച് എം. എസ്. എം. ഇ. മേഖലയുടെ സമാനതകളില്ലാത്ത വളർച്ചയ്ക്ക് ആക്കം കൂട്ടാൻ സംസ്ഥാന ബഡ്ജറ്റിൽ 5000 കോടി രൂപയെങ്കിലും നീക്കിവെക്കണമെന്നു കേരള സംസ്ഥാന ചെറുകിട അസോസിയേഷൻ ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.



സ്നേഹത്തോടെ,

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



# വ്യവസായത്തിനുള്ള അനുമതി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് നൽകണം.

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

നമ്മുടെ സംസ്ഥാനത്തുണ്ടായ വ്യവസായ വളർച്ചയ്ക്ക് വ്യവസായ വകുപ്പ് വഹിച്ച പങ്ക് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. നിക്ഷേപകരെയും സംരംഭകരെയും സംസ്ഥാനത്ത് ആകർഷിക്കുന്നതിനു വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ പ്രശംസ നീയമാണ്. സംരംഭകർക്ക് താങ്ങും തണലുമായി നിന്ന് അവർക്കാവശ്യമായ സഹായവും, പിന്തുണയും നൽകുകയും, അവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും, മറ്റു സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ശ്രദ്ധചെലുത്തുന്നതും ഈ വകുപ്പ് തന്നെയാണ്. സംരംഭകനുണ്ടാകുന്ന ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള നിയമങ്ങളും, ചട്ടങ്ങളും ഭേദഗതി ചെയ്തുവെങ്കിലും വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു. ഇതിന് ഒരു മാറ്റം അനിവാര്യമാണ്. വ്യവസായ മേഖലകളുടെ വികസനത്തിനു സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ പ്രാവർത്തികമാക്കണമെങ്കിൽ നിലവിൽ വ്യവസായത്തിനനുമതി നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം വ്യവസായ വകുപ്പിനു തന്നെ നല്കുന്നതായിരിക്കും ഉചിതം. കാരണം വ്യവസായ മേഖലയുടെ കാര്യങ്ങൾ വ്യവസായ വകുപ്പ് തന്നെ ആയിരിക്കണം നോക്കേണ്ടത്. അതിനുള്ള സംവിധാനം വ്യവസായ വകുപ്പിനുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ ഡയറക്ടറേറ്റ്, എല്ലാ ജില്ലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, വ്യവസായ താലൂക്ക് ഓഫീസുകൾ, വ്യവസായ ബ്ലോക്ക് ഓഫീസുകൾ തുടങ്ങിയ വ്യാപകമായ സംവിധാനങ്ങളും ജീവനക്കാരുമുണ്ട്. വ്യവസായ വകുപ്പിലെ ജീവനക്കാരിൽ പ്രസ്തുത ജോലി ഏൽപ്പിക്കുന്നതു ഒരു അധിക ബാധ്യത ആയിരിക്കില്ല. മറിച്ചു അത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനെ സഹായിക്കൂ. വ്യവസായത്തിനു അനുമതി നല്കുന്ന അധികാരം വ്യവസായ വകുപ്പിനു കൈമാറിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലിഭാരവും കുറയാനും സഹായകരമാകും. വ്യവസായികളുടെ പൊതുവായുള്ള ഈ ആവശ്യം മുൻ ലക്കങ്ങളിൽക്കൂടി പലപ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതു വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. വ്യവസായ മേഖലയുടെ വികസനത്തിനു സർക്കാർ എടുത്ത എല്ലാ നടപടികളോടും പിന്തുണയ്ക്കുന്നതിനോടൊപ്പം, വ്യവസായികളുടെ ദീർഘനാളത്തെ ആവശ്യമായ ലൈസൻസ് നല്കുന്നതിന്റെ അധികാരം വ്യവസായ വകുപ്പിനു തന്നെ കൈമാറാനുള്ള നിയമ നിർമ്മാണം കൂടി നടത്തണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**




# പുതിയ വാടക ലീസ് നിയമങ്ങളും സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വവും കേരളത്തിന് മുന്നോട്ടുള്ള വഴി

**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ




വാടക നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവസാനമായി തീരുമാനിക്കേണ്ടത് സംസ്ഥാന നിയമനിർമ്മാണ സഭകളാണ്. കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന പുതിയ മോഡൽ വാടകനിയമം (**Model Tenancy Act**) സംസ്ഥാനങ്ങൾ സ്വീകരിക്കുകയും അതിനെ സംസ്ഥാന നിയമങ്ങളിലാക്കി പ്രാവർത്തികമാക്കുകയും ചെയ്യുന്ന നടപടിയാണ് ഒരു ശക്തമുള്ള വാടകസംസ്കാരം രൂപപ്പെടാൻ ഏറ്റവും നിർണായകമായ ഘട്ടം. കേരളം പല മേഖലകളിലും രാജ്യത്തിന് മാതൃകയായിട്ടുള്ള സംസ്ഥാനമായതിനാൽ, ദേശീയതലത്തിലുള്ള ഈ മോഡൽ നിയമത്തെയും കാലോചിതമായി സ്വായത്തമാക്കുന്നത് തീർച്ചയായും സംസ്ഥാനത്തിന് ഗുണകരമാകും.

റസിഡൻസ് അസോസിയേഷനുകളും, വ്യാപാര വ്യവസായ സംഘടനകളും ഈ നിയമം ആഴത്തിൽ പഠിച്ച്, നിയമസഭയിൽ ബിൽ അവതരിപ്പിക്കുമ്പോൾ ജനപ്രതിനിധികൾക്ക് കാര്യങ്ങൾ കൃത്യമായി ബോധ്യപ്പെടുത്തുകയും **loophole** ഇല്ലാത്ത എല്ലാവർക്കും നീതി നൽകുന്ന ഒരു വാടകനിയമം രൂപപ്പെടാൻ സജീവമായി



ഇടപെടുകയും വേണം. സമൂഹത്തിലെ informal discussions നിയമനിർമാണത്തിന് കരുത്തും ഗൗരവവും നൽകും. പുതിയ വാടക ലീസ് നിയമങ്ങൾ വാടകക്കാരനും വീട്ടുടമയ്ക്കും ഒരുപോലെ സുരക്ഷ, വ്യക്തത, നീതി, സുതാര്യത എന്നിവ ഉറപ്പാക്കുന്ന ഒരു വലിയ പരിഷ്കാരമാണ്. എഴുത്തുകരാറിന്റെ നിർബന്ധം, നിയന്ത്രിത ഡിപ്പോസിറ്റ്, നിയമാനുസൃത വാടകവർധന, സ്വകാര്യതാ സംരക്ഷണം, വേഗതയുള്ള തർക്കപരിഹാരം എന്നിവ ഇന്ത്യയിലെ വാടകവ്യവസ്ഥയെ ആധുനികവും വിശ്വാസയോഗ്യവുമാക്കി മാറ്റുന്നു.സംസ്ഥാനങ്ങൾ മോഡൽ നിയമം വേഗത്തിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന പ്രധാന മാറ്റങ്ങൾ

1. വാടക വിപണി ക്രമരഹിതമാകും

അനിയന്ത്രിത കരാറുകളും വാക്കാൽ മാത്രം ഉള്ള ഒത്തുതീർപ്പുകളും അവസാനിക്കുകയും രേഖാമൂലമുള്ള നിയമം ശക്തമാകുകയും ചെയ്യും.

2. അനീതികളും ദുരുപയോഗങ്ങളും കുറയുന്നു

ഡിപ്പോസിറ്റ് തർക്കങ്ങൾ, അന്യായമായ വാടകവർധന, ആകസ്മിക ഒഴിപ്പിക്കൽ എന്നിവ ഗണ്യമായി കുറയും.

3.കേരളത്തിലെ പ്രത്യേക സങ്കീർണ്ണതകൾ കുറയും

പഴയ വാടകനിയമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും അവശേഷിക്കുന്ന ലക്ഷക്കണക്കിന് കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നു. മോഡൽ നിയമം സംസ്ഥാന നിയമമായാൽ:

* തർക്കപരിഹാരം വേഗത്തിലാകും

* നിയമ സങ്കീർണ്ണതകൾ കുറയും

* ദേശീയ തലത്തിൽ ഏകീകൃത വാടക നിയന്ത്രണ സമീപനം

* തദ്ദേശസ്ഥാപനങ്ങളിലെ നികുതി റജിസ്ട്രേഷൻ ഇടപാടുകളിൽ സുതാര്യത

* സുതാര്യ സാമ്പത്തിക വ്യവസ്ഥ

4.വാടകക്കാരനും വീട്ടുടമയ്ക്കും തമ്മിലുള്ള വിശ്വാസം ഉറപ്പാകും

നിയമപരമായ സംരക്ഷണം ഇരുവർക്കും ഒരുപോലെ ലഭിക്കുന്ന സാഹചര്യത്തിൽ ദീർഘകാല വാടകബന്ധം കൂടുതൽ ഉറച്ചതാകും.

5. നഗരവികസനവും ഹൗസിംഗ് ലഭ്യതയും മെച്ചപ്പെടും.

വാടകയ്ക്ക് ലഭ്യമായ വീടുകളും, വ്യാപാര കെട്ടിടങ്ങളും വർദ്ധിക്കുന്നതിനാൽ സാമ്പത്തിക വളർച്ച കൂടുതൽ സജീവമാകും. സമാപനം പുതിയ വാടക ലീസ് നിയമങ്ങൾ ഇന്ത്യയിലെ വാടക സംസ്കാരത്തിന് പുതിയ ദിശയും, നിയമവ്യക്തതയും, മനുഷ്യ ബന്ധങ്ങളുടെ വിശാലതയും നൽകുന്ന സുപ്രധാന പരിഷ്കാരമാണ്. സംസ്ഥാനങ്ങൾ മോഡൽ നിയമം പ്രാവർത്തികമാക്കിയാൽ കേരളം ഉൾപ്പെടെ രാജ്യം മുഴുവൻ വാടക മേഖലയിൽ വിപ്ലവകരമായ മുന്നേറ്റം ഉണ്ടാകും. മാത്രവുമല്ല ശരിയായ കണക്കും ശരിയായ നികുതിയും ശരിയായ പ്രോപ്പർട്ടി ടാക്സ് പെയ്മെന്റ്, ശരിയായ സ്റ്റാമ്പ്ഡ്യൂട്ടി ഓട്ടോമാറ്റിക്കായി പ്രതിഫലിക്കുമ്പോൾ അത് രാജ്യത്തിന്റെ സാമ്പത്തിക സുതാര്യത വളരെയേറെ ഭദ്രമാകും.



Kerala's Largest
Manufacturer of Architectural
SAFETY GLASS

LG TUFF

SAINT-GOBAIN
ASSURED

LANCET GLASS
STRENGTH AND SAFETY BEAUTIFIED
ANGAMALY | PALAKKAD | KANNUR | KOLLAM | UAE



www.lancetglass.com
TEMPERED GLASS
INSULATED GLASS
LAMINATED GLASS
FABRIC LAMINATED

LANCET GLASS AND METAL INDUSTRIES
SIDCO,ANGAMALY & IDA KAPPUR, PALAKKAD

LANCET GLASS INDUSTRIES PVT.LTD
VALIYAVELICHAM | KANNUR


LANCET GLASS INDIA PVT.LTD
CHATHANNUR | KOLLAM

LANCET TECHNICAL CONTRACTING LLC
SHARJAH | U.A.E

LANCET GLASS INDUSTRIES LLC
DUBAI | U.A.E

sales@lgtuff.com salesuae@lancetglass.com +91 9061553338 +971 554948514





വിശ്വനാഥൻ ഒടാട്ട്
മാനേജിംഗ് ഡയറക്ടർ,
ഫോൺ: 9895768333,
odatt@aimsinsurance.in

# ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസും വ്യക്തിഗത/ഫാമിലി ഇൻഷുറൻസും തമ്മിലുള്ള താരതമ്യപഠനം

ഗ്രൂപ്പ് ഇൻഷുറൻസിൽ ചേരുന്നതും, വ്യക്തിഗത, കുടുംബ പോളിസിയിൽ ചേരുന്നതും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

| | ആനുകൂല്യങ്ങൾ | ഗ്രൂപ്പ് ഇൻഷുറൻസ് | വ്യക്തിഗത ഇൻഷുറൻസ് |
|---|---|---|---|
| 1 | നിലവിലുള്ള അസുഖങ്ങൾ | കവർ ചെയ്യുന്നു. | (ഒരു നിശ്ചിത കാലാവധിക്ക്) 1/2/3 വർഷത്തിന് ശേഷം മാത്രം കവർ ചെയ്യുന്നു. |
| 2 | പ്രീമിയം നിരക്ക് | ഗ്രൂപ്പിന്റെ ശരാശരി പ്രായത്തിന് അനുസരിച്ച് പ്രീമിയം അടക്കണം. | വ്യക്തിയുടെ/കുടുംബാംഗങ്ങളുടെ പ്രായത്തിന് അനുസരിച്ച് പ്രീമിയം അടക്കണം. |
| 3 | പോളിസി പുതുക്കൽ | ഗ്രൂപ്പിന്റെ മൊത്തം ക്ലെയിം തുകയ്ക്ക് അനുസൃതമായി പ്രീമിയം അടക്കേണ്ടിവരും. | ക്ലെയിം ഉണ്ടായാലും പോളിസി പുതുക്കുമ്പോൾ കൂടുതൽ പ്രീമിയം അടക്കേണ്ടതില്ല. |
| 4 | ആർജിത ബോണസ് | ബാധകമല്ല. | ഓരോ വർഷവും ക്ലെയിം ഇല്ലെങ്കിൽ ലഭിക്കുന്നതാണ്. |
| 5 | ഹെൽത്ത് ചെക്ക് അപ്പ് | ലഭിക്കുന്നതല്ല. | ഒരു നിശ്ചിത കാലാവധി കഴിഞ്ഞാൽ ലഭ്യമാണ്. |
| 6 | പോർട്ടബിലിറ്റി | ലഭിക്കുന്നതല്ല. | ലഭ്യമാണ്. |
| 7 | ഇൻഷുർ ചെയ്ത തുക വർദ്ധിപ്പിക്കാൻ | ഗ്രൂപ്പിലെ മെമ്പർമാർക്ക് മൊത്തമായുംവർദ്ധിപ്പിക്കണം. | വ്യക്തിഗത പോളിസിയിൽ ലഭ്യമാണ്. (പ്രായം/അസുഖം എന്നിവ കണക്കാക്കി) |
| 8 | ആജീവനാന്തം പോളിസി പുതുക്കുവാനുള്ള സൗകര്യം | ലഭ്യമല്ല. ഗ്രൂപ്പിൽ ഉള്ളകാല മത്രയും ലഭ്യമാണ്. | ആജീവനാന്തം പുതുക്കുവാനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. |
| 9 | പോളിസി ഗ്രേസ് പീരീഡ് | ലഭ്യമല്ല. | 30 ദിവസം ലഭ്യമാണ്. |
| 10 | ഇൻഷുർ ചെയ്ത തുക ചികിത്സിച്ച് തീർന്നു പോയാൽ | തീർന്നതുതന്നെ. പിന്നെ അടുത്തവർഷം പോളിസി പുതുക്കിയാൽ മാത്രം ലഭിക്കുന്നു. | മിക്കവാറും പോളിസികളിൽ ഇൻഷുർ ചെയ്ത തുക തന്നെ വീണ്ടും റീചാർജ് ആയി ഉപയോഗിക്കാം. |
| 11 | ഗ്രൂപ്പ് പോളിസിയെ പൂർണ്ണമായും ആശ്രയിക്കാൻ പറ്റുമോ. | ഗ്രൂപ്പിന്റെ കാലയളവിൽ ഗ്രൂപ്പിൽ മെമ്പറാക്കുമ്പോൾ മാത്രം. | പൂർണ്ണമായും ആശ്രയിക്കാം. |
| 12 | പോളിസിയിൽ ചേരാനുള്ള പ്രായപരിധി. | ഗ്രൂപ്പിൽ മെമ്പർ ആയിരുന്ന കാലമത്രയും. | ജീവിതകാലം മുഴുവൻ (ഒരു ശരാശരി ആരോഗ്യമുള്ളവർക്ക്). |
| 13 | പ്രീമിയം കൂടാനുള്ള കാരണങ്ങൾ. | ആദ്യവർഷത്തിൽ പ്രീമിയം കുറവ് അനുഭവപ്പെടും പിന്നീടുള്ള വർഷങ്ങളിൽ ക്ലെയിമിന് ആനുപാതികമായി പ്രീമിയം നിശ്ചയിക്കും. | പ്രായം കൂടും തോറും പ്രീമിയത്തിൽ വർദ്ധനവ് ഉണ്ടായിരിക്കും സാധാരണയായി ഇത് 5 വർഷം കൂടുമ്പോഴാണ്. |
| 14 | ജി.എസ്.ടി.ബാധകമാണോ? | 18% ബാധകമാണ് | 18% ബാധകമല്ല |
| 15 | ആരോഗ്യ സംരക്ഷണത്തിന് പ്രീമിയം പുതുക്കുമ്പോൾ ഇളവ് ലഭ്യമാണോ? | ബാധകമല്ല | ബാധകമാണ് |

കൂടുതൽ വിവരങ്ങൾക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി പ്രതിനിധിയുമായോ, പ്രാദേശിക ഓഫീസുമാമയോ ബന്ധപ്പെടാവുന്നതാണ്.

# ടോപ്പ് അച്ചീവർ നിലനിർത്തി കേരളം.

## വ്യവസായ സൗഹൃദ റാങ്കിംഗിൽ സംസ്ഥാനം തുടർച്ചയായി ഒന്നാമത്

വ്യവസായ സംരംഭകർക്ക് ഏറ്റവും സൗഹാർദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിലുള്ള (ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്) റാങ്കിംഗിൽ കേരളം രാജ്യത്ത് വീണ്ടും ഒന്നാമതെത്തിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് വകുപ്പ് (ഡി പി ഐ ഐ ടി) പുറത്തിറക്കിയ 2024-ലെ ദേശീയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റേറ്റിംഗുകളിലാണ് (ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ ബി ആർ എ പി പ്രകാരം) കേരളം രണ്ടാം തവണയും ടോപ്പ് അച്ചീവർ പദവി നിലനിർത്തിയത്. രാജ്യത്ത് വ്യവസായരംഗത്ത് ഏറ്റവും കൂടുതൽ പരിഷ്കരണങ്ങൾ നടപ്പാക്കുകയും നിക്ഷേപ സൗഹൃദ നടപടികൾ എടുക്കുകയും ചെയ്യുന്ന സംസ്ഥാനങ്ങളുടെ ഗണത്തിലാണ് കേരളം തുടർച്ചയായി ഒന്നാം സ്ഥാനമുറപ്പിച്ചത്. ഡൽഹിയിൽ നടന്ന 'ഉദ്യോഗ് സമാഗം 2025' പരിപാടിയിൽ വെച്ചാണ് പ്രഖ്യാപനമുണ്ടായത്. കേന്ദ്ര വാണിജ്യ വ്യവസായവകുപ്പ് മന്ത്രി പീയൂഷ് ഗോയൽ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി. രാജീവിന് പുരസ്കാരം സമ്മാനിച്ചു.

കഴിഞ്ഞ വർഷം രണ്ട് ബിസിനസ് ഓറിയന്റഡ് മേഖലകളിലാണ് കേരളം ഒന്നാമതെത്തിയതെങ്കിൽ, ഇത്തവണ നാല് മേഖലകളിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞു എന്നത് നേട്ടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. ബിസിനസ് ആക്ഷൻ റീഫോംസിനൊപ്പം നിക്ഷേപകരുടെ പരാതികൾ പരമാവധി കുറക്കാൻ സാധിച്ചതും കേരളത്തിന്റെ മുന്നേറ്റത്തിലെ സുപ്രധാന ഘടകമാണ്. മെച്ചപ്പെട്ട ഭരണനിർവഹണം, കാര്യക്ഷമവും സുതാര്യവുമായ ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കൽ എന്നിവയിൽ കേരളം തുടർന്നു വരുന്ന നടപടികളുടെ അംഗീകാരമാണ് ഈ നേട്ടം. സ്ഥിരമായ ടീം വർക്ക്, സമയബന്ധിതമായ നവീകരണ നടപടികൾ, പരിഷ്കരണങ്ങളിലെ സുസ്ഥിരത എന്നിവ ഉയർന്ന റാങ്ക് നേടാൻ സംസ്ഥാനത്തെ സഹായിച്ചു.

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെഎസ്ഐഡിസി) നേതൃത്വത്തിൽ, വിവിധ സർക്കാർ വകുപ്പുകളും, ഏജൻസികളും നടത്തിയ ഏകോപന ശ്രമങ്ങളുടെ ഫലമാണ് ഈ നേട്ടം കരസ്ഥമാക്കാൻ കേരളത്തിന് സാധിച്ചത്. ഇതര സംസ്ഥാനത്തിന്റെ നയങ്ങളിലും ഭരണനിർവഹണത്തിലുമുണ്ടായ ഘടനാപരമായ മാറ്റങ്ങളെയാണ് സൂചിപ്പിക്കുന്നത്. നിക്ഷേപകർക്ക് സംരംഭം തുടങ്ങുന്നതിനും നടത്തുന്നതിനും ആവശ്യമായ ക്ലിയറൻസുകൾ വേഗത്തിലും എളുപ്പത്തിലും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയതും, ലൈസൻസുകൾ പുതുക്കുന്നതിലെ കാലതാമസം ഒഴിവാക്കിയതുമെല്ലാം ഈ പരിഷ്കരണങ്ങളുടെ ഭാഗമാണ്. സുതാര്യത, ഉത്തരവാദിത്തം, നിയമങ്ങളിലെ പ്രായോഗിക ഇളവുകൾ എന്നിവയിൽ സംസ്ഥാനത്തിന്റെ നയങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്.




ദക്ഷിണേന്ത്യയിൽ കേരളത്തിനൊപ്പം ആന്ധ്രാപ്രദേശും, കർണാടകയും, ഫാസ്റ്റ് മൂവർ കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ തമിഴ്നാട്, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങൾ രണ്ടാം നിരയിലുള്ള ആസ്പൈറേഴ്സ് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. കേരളം കൈവരിച്ച ഈ നേട്ടം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേവലം ഒരു അവാർഡ് എന്നതിലുപരി, ഒരു വിജ്ഞാന സമൂഹമായും, അഡ്വാൻസ് ടെക്നോളജി നിക്ഷേപ മേഖലയായും ലോകമെമ്പാടുമുള്ള നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള മികച്ച അവസരമായി മാറുന്നു. വർഷം തോറുമുള്ള മികച്ച പ്രകടനം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുകയും നിക്ഷേപകരിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യും. മൾട്ടിനാഷണൽ സംരംഭങ്ങൾ മുതൽ പ്രാദേശിക എം. എസ്. എം. ഇ. സംരംഭകർ വരെ സമൂഹത്തിലെ എല്ലാ വ്യാവസായിക വിഭാഗങ്ങൾക്കും പ്രയോജനകരമാകുന്ന സമഗ്രമായ വളർച്ചയുടെ മാതൃകയാണ് സംസ്ഥാനം സൃഷ്ടിക്കുന്നത്.

സുഗമമായ പ്രക്രിയകൾ, നിക്ഷേപക സൗഹൃദ നയങ്ങൾ, ശക്തമായ പിന്തുണാ സംവിധാനം എന്നിവ നൽകി ബിസിനസ് ചെയ്യുന്നതിനുള്ള സുഗമമായ അന്തരീക്ഷം സംസ്ഥാനം സൃഷ്ടിക്കുകയാണ്. നടപടിക്രമങ്ങൾ ലളിതമാക്കുകയും, നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും, സംരംഭകരുടെ വിജയത്തിന് മുൻഗണന നൽകുകയും ചെയ്യുന്ന നടപടിക്രമങ്ങളിലൂടെ അനുകൂലമായ വ്യാവസായിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സംസ്ഥാന വ്യവസായവകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സുതാര്യതയിലും കാര്യക്ഷമതയിലും ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട്, വളർച്ചയ്ക്കും വികസനത്തിനും പ്രാധാന്യം നൽകുന്ന സ്വാഗതാർഹമായ ഒരു ആവാസ വ്യവസ്ഥയിൽ അഭിവൃദ്ധി പ്രാപിക്കാൻ കേരളം നിക്ഷേപകരെ ക്ഷണിക്കുകയാണ്. വരുന്ന വർഷങ്ങളിലും തുടർച്ചയായ വിജയം നിലനിർത്താനും നിക്ഷേപക സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താനുമുള്ള തുടർനടപടികൾ വ്യവസായവകുപ്പ് നടത്തിവരികയാണ്.

**മാനേജിങ് ഡയറക്ടർ**
**കെ. എസ് . ഐ. ഡി. സി**

INVITATION

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart The Pulse of the City

www.iiie.in

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ

16 | 17 | 18 JAN 2026

KOCHI | KERALA | INDIA
ADLUX INTERNATIONAL CONVENTION CENTRE

# വ്യവസായി മഹാസംഗമം

18 JAN 2026

iiie India International INDUSTRIAL EXPO

EV & Green Energy India Expo 2026



KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart The Pulse of the City | DEPARTMENT OF INDUSTRIES & COMMERCE | MSME | KSIDC | KINFRA INSPIRING GROWTH | K-bip | केनरा बैंक Canara Bank

India International INDUSTRIAL EXPO

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

# INDIA INTERNATIONAL INDUSTRIAL EXHIBITION 2026 & VYAVASAYI MAHA SAMGAMAM

## SCHEDULE OF EVENTS

## 16-01-2026 FRIDAY : Inaugural ceremony of IIIE 2026 @ 10.30am

| | | |
|---|---|---|
| Welcome Speech | : | **Shri. K.P. Ramachandran Nair**, Chairman IIIE 2026 |
| Presiding the function | : | **Shri. A. Nizarudeen**, State President, KSSIA |
| Inauguration | : | **Shri. K. Krishnankutty,** Hon'ble Minister for Electricity |
| Release of Expo Directory | : | Shri. **Benny Behnan**, MP, Chalakkudy |
| Felicitations | : | **Shri. Roji M. John**, MLA, Angamali |
| | | **Smt. Annie Juila Thomas IAS**, OSD, Industries Dept |
| | | **Shri. P. Vishnuraj IAS**, Director DIC, CMD & KSIDC |
| | | **Shri. V.K.C. Mammed Koya**, Ex-MLA, KSSIA past State President. |
| | | **Shri Santhosh Koshy Thomas**, MD, FINFRA |
| | | **Shri. P.A. Najeeb**, GM DIC, Ernakulam |
| | | **Shri Suraj. S.**, CEO, KBIP |
| | | **Shri Siji Nair**, MD, Metro Mart |
| | | **Smt. U.C.Lachitha Mol**, Asst. Director & Coordinator PMS Scheme MSME DFO, Thrissur, Ministry of MSME, Govt of India |
| | | **Shri A.P.M. Abdul Rahim**, KSSIA past State President |
| Vote of Thanks | : | **Shri Joseph Paikada**, KSSIA General Secretary |
| Augustus Presence | : | **Shri B. Jayakrishnan**, KSSIA State Treasurer |
| | | **Shri A. Fasiludeen**, KSSIA Vice President (SZ) |
| | | **Shri. P.J. Jose,** KSSIA Vice President (CZ) |
| | | **Shri A.V. Sunilnath**, KSSIA Vice President (NZ) |
| | | **Shri. M.S. Anaz**, KSSIA State Secretary (SZ) |
| | | **Shri. M.M. Mujeeb Rahiman**, KSSIA State Secretary (CZ) |
| | | **Shri. Anwar K.V.**, KSSIA State Secretary (NZ) |
| | | **Shri Khalid M.**, KSSF Chairman |
| | | **Shri Damodar Avanoor**, KSSIA past State President |
| | | **Shri S. Salim**, KSSIA Chief News Editor |

India International INDUSTRIAL EXPO


KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

# INDIA INTERNATIONAL INDUSTRIAL EXHIBITION 2026 & VYAVASAYI MAHA SAMGAMAM

## SCHEDULE OF EVENTS

### 16-01-2026 FRIDAY MEDIA CONCLAVE @ 3.30 PM

| | |
|---|---|
| Welcome Speech | : **Shri Sunilnath A.V.**, KSSIA State Vice President (NZ) |
| Introduction of participants | : **Shri B. Jayakrishnan,** KSSIA State Treasurer |
| Presiding the function | : **Shri A. Nizarudeen,** KSSIA State President |
| Inauguration | : **Shri. A.P.M. Mohammed Hanish IAS**, Addl. Chief Secretary |
| Presentation of Topic | : **Shri K.P. Ramachandran Nair**, Chairman IIIE 2026 |
| Moderator | : **Shri Manoj Mathew**, Business Editor, Malayala Manorama, Kochi |
| Presenation of Momentoes | : **Shri Anwar K.V.**, KSSIA State Secretary (NZ) |
| Vote of Thanks | : **Shri A. Fasiludeen**, KSSIA State Vice President (SZ) |



India International INDUSTRIAL EXPO

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION


# INDIA INTERNATIONAL INDUSTRIAL EXHIBITION 2026 & VYAVASAYI MAHA SAMGAMAM

## SCHEDULE OF EVENTS

## 17-01-2026 SATURDAY @ 11.00 AM

## SEMINAR ON “PRACTICAL IMPLEMENTATION & GOVERNANCE OF EASE OF DOING BUSINESS IN GRASS ROOT LEVEL”

| | | |
|---|---|---|
| Welcome Speech | : | **Shri Damodar Avanoor**, KSSIA Past President |
| Presiding the Function | : | **Shri A. Nizarudeen**, KSSIA State President |
| Inauguration | : | **Shri. M.B. Rajesh,** Hon’ble Minister for LSGD & Excise |
| Guest of Honour | : | **Ms. Priyanka. G**. IAS, District Collector, Ernakulam |
| Presentation | : | **Shri Varghese Malakkaran,** GM, KSIDC |
| | | **Smt. C.S. Simi**, Additional Director (T), Directorate of Industries |
| | | **Shri G. Rajeev**, Additional Director (G), Directorate of Industries |
| | | **Shri. P.A. Najeeb,** GM DIC, Ernakulam |
| Vote of Thanks | : | **Shri. P.J. Jose**, KSSIA Vice President (CZ) |



India International INDUSTRIAL EXPO

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

# INDIA INTERNATIONAL INDUSTRIAL EXHIBITION 2026 & VYAVASAYI MAHA SAMGAMAM

## SCHEDULE OF EVENTS

### 18-01-2026 SUNDAY .. State Level Vyavasayi Maha Samgamam @ 5.00 PM

| | | |
|---|---|---|
| Welcome Speech | : | **Shri P.J. Jose**, KSSIA State Vice President (CZ) |
| Inauguration of Vyavasayi Maha Samgamam & Closing Ceremony of IIIE2026 | : | **Shri. Pinarayi Vijayayn**<br>Hon'ble Chief Minister of Kerala |
| Presiding the Function | : | **Shri. A. Nizarudeen**, KSSIA State President |
| Guests of Honour | : | **Shri. P. Rajeeve**, Hon'ble Minister for Industries<br>**Shri. George Kurian**,<br>Hon'ble Minister of State for Fisheries & Animal Husbandry |
| Keynote Address | : | **Shri. V.D. Satheesan**, Hon'ble Leader of Opposition |
| Special Address | : | **Shri. P.K. Kunhalikutty,** Hon'ble Dy. Leader of Opposition |
| Recognisation of Best Exhibitors | : | **Shri. G.S. Prakah**, Director, Ministry of MSME, Thrissur |
| Feliciations | : | **Shri K. Ajithkumar**, Executive Chairman, BPST<br>**Shri. V.K.C.Mammed Koya**, Ex-MLA, KSSIA past State President<br>Vice Admiral **Sreekumaran Nair (Retd),** MD, Keltron<br>**Shri. R. Jayashankar**, MD, SIDCO<br>**Shri. Sunilkumar. S**. GM Canara Bank<br>**Shri Siji Nair**, MD, Metro Mart<br>**Shri. Khalid. M**. KSSF Chairman<br>**Shri. Damodar Avanoor, KSSIA past State President** |
| Vote of Thanks | : | **Shri Joseph Paikada**, KSSIA General Secretary |
| Augustus Presence | : | **Shri. K.P. Ramachandran Nair**, Chairman IIIE 2026<br>**Shri S. Salim**, KSSIA Chief News Editor<br>**Shri. B. Jayakrishnan**, KSSIA State Treasurer<br>**Shri. Fasiludeen**, KSSIA State Vice President (SZ)<br>**Shri. A.V. Sunil Nath**, KSSIA State Vice President (NZ)<br>**Shri M.S. Anaz**, KSSIA State Secretary (SZ)<br>**Shri. M.M. Mujeeb Rahiman**, KSSIA State Secretary (CZ)<br>**Shri. K.V. Anwar**, KSSIA State Jt. Secretary (NZ) |



# പ്ലാസ്റ്റിക് റീസൈക്ലിങ്

ഈ നൂറ്റാണ്ട് മാനവരാശിക്ക് സയൻസ് നല്കിയ വരദാനമാണ് പ്ലാസ്റ്റിക്. അതിന്റെ മികവുകൾ തരം തിരിവിലൂടെ കണ്ടെത്തുന്നതിലൂടെയാണ് അതിന്റെ പുനർപ്രക്രിയ നടത്തുന്നത്. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ ശാസ്ത്രീയമായി അതിന്റെ മാർഗ്ഗം കണ്ടെത്തുകയാണ് കേരളത്തിലെ റീ സൈക്കിളിംഗ് രംഗത്തെ പ്രഗത്ഭ വ്യവസായിയും കോടനാട് ഹമാര പ്ലാസ്റ്റിക്സ് ഉടമയുമായ സിയാദ് അലി.

## ശേഖരണം മുതൽ അന്തിമ ഉൽപ്പന്നം വരെ

ഘട്ടം ഘട്ടമായുള്ള വിവരണം

പരിസ്ഥിതി സംരക്ഷണത്തിന്റെ നിർണായകമായ ഒരു ഭാഗമാണ് പ്ലാസ്റ്റിക് മാലിന്യ സംസ്കരണം. ഉപയോഗിച്ച പ്ലാസ്റ്റിക്കുകൾ കൃത്യമായി ശേഖരിക്കുകയും സംസ്കരിക്കുകയും റീസൈക്കിളിങ് ചെയ്യുകയും ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിൽ ഹമാര പ്ലാസ്റ്റിക്സ് പോലുള്ള കമ്പനികൾക്ക് വലിയ പങ്കുണ്ട്. മാലിന്യം ശേഖരിക്കുന്ന നിമിഷം മുതൽ അത് പുതിയ, ഉപയോഗയോഗ്യമായ ഉൽപ്പന്നമായി മാറുന്നതുവരെയുള്ള പ്ലാസ്റ്റിക് റീസൈക്കിളിങ് യാത്രയിലെ ഓരോ ഘട്ടവും ഈ ലേഖനം വിശദീകരിക്കുന്നു.

പ്ലാസ്റ്റിക് റീസൈക്കിളിങ് ഒരു സർക്കുലർ എക്കണോമി

മാലിന്യമാക്കപ്പെട്ടവ വീണ്ടും ഉത്പാദനത്തിലേക്ക് കൊണ്ടുവരുന്ന ഒരു ക്ലോസ്ഡ്‌ലൂപ്പ് സംവിധാനമാണ് ഈ പ്രക്രിയയുടെ പ്രവർത്തനതത്വം.

1. പ്ലാസ്റ്റിക് മാലിന്യ ശേഖരണം

പ്ലാസ്റ്റിക് മാലിന്യം പല സ്രോതസ്സുകളിലൂടെയാണ് റീസൈക്കിളിങ് പ്ലാന്റുകളിൽ എത്തുന്നത്. ഇത് ഏറ്റവും നിർണായകമായ ആദ്യ ഘട്ടമാണ്.

1.1 ഹരിതകർമ്മസേനയിൽ (HKS) നിന്നുള്ള ശേഖരണം

പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ HKS ടീമും ഉപഭോക്താക്കളെയും റീസൈക്കിളിങ് സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന കണ്ണികളാണ്.



വീടുകൾ, കടകൾ, ഓഫീസുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യം അവർ ശേഖരിക്കുന്നു.

ശേഖരിച്ച മാലിന്യം പ്രാദേശിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (MCF) താൽക്കാലികമായി സൂക്ഷിക്കുകയോ അല്ലെങ്കിൽ നേരിട്ട് പ്രധാന സംസ്കരണ പ്ലാന്റിലേക്ക് കൈമാറ്റം ചെയ്യുകയോ ചെയ്യുന്നു.

1.2 വ്യക്തിഗത പാഴ് വസ്തു ശേഖരിക്കുന്നവരിൽ നിന്നുള്ള ശേഖരണം പ്രാദേശിക സ്ക്രാപ്പ് ഡീലർമാരും വ്യക്തിഗതമായി പാഴ് വസ്തു ശേഖരിക്കുന്നവരും പ്ലാസ്റ്റിക് സ്ക്രാപ്പിന്റെ സുപ്രധാന വിതരണക്കാരാണ്.

തെരുവുകൾ, മാർക്കറ്റുകൾ, പൊതു മാലിന്യ പെട്ടികൾ എന്നിവിടങ്ങളിൽ നിന്നാണ് ഇവർ പ്രധാനമായും പ്ലാസ്റ്റിക് ശേഖരിക്കുന്നത്.

ഈ വിതരണക്കാർ ദിവസേനയോ ആഴ്ചതോറുമോ മെറ്റീരിയൽ ഞങ്ങളുടെ പ്ലാന്റിൽ എത്തിക്കുന്നു. ഇത് മാലിന്യക്കൂമ്പാരങ്ങൾ രൂപപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നു.

1.3 സ്ഥാപനങ്ങളിൽ നിന്നുള്ള മൊത്തത്തിലുള്ള ശേഖരണം സ്കൂളുകൾ, കമ്പനികൾ, ആശുപത്രികൾ, വ്യാവസായിക യൂണിറ്റുകൾ എന്നിവ വലിയ അളവിൽ പ്ലാസ്റ്റിക് മാലിന്യം ഉണ്ടാക്കുന്നു.

ഷെഡ്യൂൾ ചെയ്ത പിക്കപ്പുകൾ വഴിയോ ദീർഘകാല കരാറുകൾ വഴിയോ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു.

1.4 മുനിസിപ്പൽ മെറ്റീരിയൽ റിക്കവറി സൗകര്യങ്ങളിൽ (MRFs) നിന്നുള്ള ശേഖരണം

ഉണങ്ങിയ മാലിന്യ കൈകാര്യം ചെയ്യൽ: മുനിസിപ്പാലിറ്റികൾ ശേഖരിക്കുന്ന പൊതുവായ ഉണങ്ങിയ മാലിന്യങ്ങളെ എം.സി.എഫ്./ എം.ആർ.എഫ്. കൾ വേർതിരിക്കുന്നു.

പ്ലാസ്റ്റിക് വിഭാഗങ്ങളുടെ വീണ്ടെടുക്കൽ: ഉയർന്ന മൂല്യമുള്ള പി.ഇ.ടി., പി.പി., എൽ.ഡി.പി.ഇ., എച്ച്.ഡി.പി.ഇ. തുടങ്ങിയ റീസൈക്കിളിങ് ചെയ്യാവുന്ന പ്ലാസ്റ്റിക് വിഭാഗങ്ങളും മൾട്ടിലേയേർഡ് പ്ലാസ്റ്റിക് (MLP) പോലുള്ള പ്രയാസമേറിയ വസ്തുക്കളും ഞങ്ങളുടെ ടീം ഇവിടെ നിന്ന് എടുക്കുന്നു.

ലോജിസ്റ്റിക് കാര്യക്ഷമത: തടസ്സമില്ലാത്തതും വലിയ തോതിലുള്ളതുമായ മെറ്റീരിയൽ ഒഴുക്ക് ഉറപ്പാക്കാൻ ദിവസേനയോ ആഴ്ചതോറുമോ വാഹനങ്ങൾ ക്രമീകരിക്കുന്നു

**സംവാദകൻ**
**ഡോ. കെ.എം. ഖാലിദ്**
**എഡിറ്റോറിയൽ ബോർഡ് മെമ്പർ**



# കാർഷിക സംരംഭങ്ങൾക്ക് ജാമ്യമില്ലാതെ രണ്ട് കോടി രൂപ വായ്പയും മൂന്ന് ശതമാനം പലിശയിളവും.



**ടി എസ് ചന്ദ്രൻ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായ
വാണിജ്യ വകുപ്പ്

കാർഷിക മേഖലയുടെ പുരോഗതിക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ച് വിളവെടുപ്പിന് ശേഷമുള്ള കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിനും വ്യാപാരത്തിനും. കാർഷിക ഉൽപ്പന്നങ്ങൾ കൂടുതൽ മൂല്യ വർദ്ധകങ്ങൾ ആക്കി മാറ്റേണ്ടതുണ്ട്. ഇതിനിടയിൽ ഉണ്ടാകാനിടയുള്ള നഷ്ടം ഇല്ലാതാക്കുകയും വേണം. ഇതിനായി ഒരു ലക്ഷം കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുന്നത്. ദേശീയ കാർഷിക അടിസ്ഥാന സൗകര്യ പദ്ധതി (നാഷണൽ അഗ്രികൾച്ചർ ഇൻഫ്രാ ഫെസിലിറ്റി) എന്ന പേരിൽ കേന്ദ്രകൃഷി കാർഷികക്ഷേമ മന്ത്രാലയമാണ് പദ്ധതി നടപ്പാക്കുന്നത്. അഞ്ചു വർഷത്തേക്കാണ് ഈ പദ്ധതിയുടെ പ്രാബല്യം.

### പദ്ധതി ആനുകൂല്യങ്ങൾ

>രണ്ട് കോടി രൂപവരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്നു.

> മൂന്ന് ശതമാനം പലിശ സബ്സിഡി നൽകുന്നു.

> രണ്ട് കോടി രൂപ വരെയുള്ള വായ്പക്ക് ഈ ആനുകൂല്യം ലഭിക്കും.

> ഒരു സ്ഥാപനത്തിൻറെ വ്യത്യസ്ത സ്ഥലങ്ങളിലുള്ള വ്യത്യസ്ഥ പ്രോജക്ടുകൾക്കും ഈ ആനുകൂല്യം ലഭിക്കും

>പദ്ധതി അടങ്കലിന്റെ 25% പൂർണമായും സ്വകാര്യ മേഖലയ്ക്കായാണ് മാറ്റി വെച്ചിട്ടുള്ളത്

>വായ്പക്ക് രണ്ടുവർഷം മോറട്ടോറിയം

>ഏഴുവർഷം വരെ തിരിച്ചടവ് കാലാവധി

### യോഗ്യത മാനദണ്ഡങ്ങൾ

കർഷകർ, കാർഷിക ഉത്പന്ന വിപണന സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, കൃഷിക്കാർ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, എസ് എച്ച് ജി കൾ, ജെ എൽ ജികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി. പി. പി. പ്രോജക്ടുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സ്ഥാപനങ്ങൾ,വ്യക്തികൾ, എന്നിവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കും. സ്വകാര്യ സംരംഭകർക്ക് ഇത് നന്നായി ഉപയോഗപ്പെടുത്താൻ കഴിയും.

### അനുയോജ്യമായ കാർഷിക മേഖലകൾ

കാർഷിക വിളകളുടെ കിളിർപ്പിക്കൽ, ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, വറക്കൽ, റോസ്റ്റിംഗ്, എക്സ്ട്രൂഷൻ, അരിയുടെ നൂട്രീഷൻ വർധിപ്പിക്കാൻ, ബലപ്പെടുത്തൽ തുടങ്ങിയവ ഏതാനും പ്രവർത്തികൾക്ക് ഒഴികെ മറ്റു കാർഷിക പ്രവർത്തികൾക്ക് അർഹതയുണ്ടാകും. ജൈവ ഉത്പന്ന നിർമ്മാണം, ജൈവ ഉത്തേജക ഉത്പന്നങ്ങൾ, നേഴ്സറി, ടിഷ്യൂ, വിത്ത് സംസ്കരണം, ആട്ടോമേഷൻ,





ഡ്രോണുകൾ, എ.ഐ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ, ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ, കോൾഡ് ചെയിൻ, പാക്കേജിങ്, ധാന്യങ്ങളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചണം, നാളികേരം, ചായ, കാപ്പി, റബ്ബർ ഉൽപ്പന്നങ്ങൾ, അരി ഗോതമ്പ്, കിഴങ്ങ് വിളകൾ, ഹെർബൽ ഉൽപ്പന്നങ്ങൾ, അടയ്ക്ക,പരിപ്പുകൾ, ബാംബൂ ഉൽപ്പന്നങ്ങൾ, കാലിത്തീറ്റ, തുടങ്ങിയവയുടെ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഗോതമ്പ്, മറ്റ് ധാന്യങ്ങൾ എന്നിവയുടെ ക്ലീനിങ്, അഴുക്കുനീക്കൽ, ഉണക്കൽ, പൊളിക്കൽ, പാർബോയിലിംഗ്, സൂക്ഷിക്കൽ , ഗ്രൈൻഡിങ്, എന്നിവയ്ക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കും.

കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ഈ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

ഓൺലൈനായി അപേക്ഷിക്കണം

**agriinfra.dac.gov.in** എന്ന സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. അതിൽ പറയുന്ന രേഖകൾ സമർപ്പിക്കണം. ഏതുതരം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും (സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഒഴികെ) അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഈ സൈറ്റിൽ നിന്നു ലഭിക്കും.



# ഉൽപാദന സംരംഭങ്ങൾ തുടങ്ങാനുള്ള ഭയവും വാണിജ്യ മേഖലയോടുള്ള അതിരുകടന്ന ആത്മവിശ്വാസവും

കേരളം ഉയർന്ന സാക്ഷരതയും സാമൂഹിക പുരോഗതിയും നേടിയ സംസ്ഥാനമാണ്. എന്നാൽ സാമ്പത്തിക വികസനത്തിൽ ഉൽപാദന മേഖലയുടെ പങ്ക് മറ്റെന്തിനേക്കാളും മേലെയാണ് എന്തുകൊണ്ടാണ് മലയാളി ഉത്പാദന സംരംഭങ്ങൾ തുടങ്ങാൻ മടിക്കുന്നത് ഉത്തരം വളരെ ലളിതമാണ്. ഉയർന്ന മൂലധനം ആവശ്യമാണ്. മൂലധന നക്ഷേപം വളരെ കൂടുതലാണ്. ലാഭം ലഭിക്കാൻ ദീർഘകാലമെടുക്കും. അപ കട സാധ്യത ഏറെയാണ്. നഷ്ടമുണ്ടായാൽ തിരിച്ചു കയറാൻ ബുദ്ധി മുട്ട് ഇതെല്ലാം മനസ്സിലാക്കാം. എന്നാൽ നമ്മുടെ സാമൂഹിക മനോ ഭാവം വ്യത്യസ്ഥമാണ്. ഫാക്ടറി നടത്തുന്നത് അപകടമാണ് ഭരണപരവും നിയമപരവുമായ പ്രശ്നങ്ങൾ ലൈസൻസ് സങ്കീർണ്ണത ഉദ്യോഗസ്ഥ തലത്തിലുള്ള കാലതാമസം തൊഴിൽ യൂണിയൻ പ്രശ്ങ്ങൾ തൊഴിൽ നിയമങ്ങൾ കർശ്ശനമാണ്. പണിമുടക്ക് സമരം തുടങ്ങിയ ഭീതികൾ! തൊഴിലാളി മുതലാളി സംഘർഷം (ഇത് പഴയ സിനിമയിലെ ഇപ്പോൾ കാണാനാവുകയുള്ളൂ) ഇങ്ങനെയുള്ള അനാവശ്യ ഭീതി സൃഷ്ടിക്കുന്ന സാമൂഹിക അന്തരീക്ഷം മാറ്റിയെടുക്കാതെ മുന്നോട്ടു പോകാനാവില്ല.

എന്നാൽ പരാജയ സാദ്ധ്യത ഏറെയുള്ള വാണിജ്യ മേഖലയിലേക്ക് ഭയമില്ലാതെ ആകർഷിക്കപ്പെടുന്ന കാരണങ്ങൾ പലതാണ്. എളുപ്പത്തിൽ തുടങ്ങാവുന്ന കടകൾ, വ്യാപാരം, ബ്രോക്കറേജ്, ഓൺലൈൻ ബിസിനസ്സ് എന്നിവയ്ക്ക് സാങ്കേതിക പരിജ്ഞാനം കുറച്ച് മതി. കുറഞ്ഞ നിക്ഷേപം വേഗത്തിൽ ലാഭം ലഭിക്കുമെന്ന വിശ്വാസം ദിവസവരുമാനം ഉണ്ടാക്കുന്നു. സാമൂഹിക അംഗീകാരം കച്ചവടത്തിലൂടെ ലഭിക്കും. പെട്ടെന്ന് പണമുണ്ടാക്കാമെന്ന വിശ്വാസം എന്നാൽ യാഥാർത്ഥ്യം അങ്ങനെയല്ല വാണിജ്യ മേഖലയിൽ മത്സരം വളരെ കടുത്തതാണ് ഒരേതലത്തിലുള്ള നിരവധി കടകൾ ശക്തമായ മത്സരം തന്നെ നേരിടേണ്ടിവരുന്നു!.

ഉത്പാദന മേഖലക്കുള്ള പ്രാധാന്യം സ്ഥിരമായ തൊഴിൽ സൃഷ്ടി ക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ശക്തമാക്കുന്നു. 2014 -15 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ ഉൽപാദന മേഖലയുടെ ജി.എസ്.വി.എ. പങ്ക് 9.78% ൽ നിന്നും 12.12% വരെ വർദ്ധിച്ചു. അതായത് ഒരു ചെറിയ വളർച്ച ഉണ്ടായിട്ടുണ്ട് എന്ന് സമ്മതിക്കുമ്പോഴും ഉത്പാദന മേഖലയിൽ വളർച്ച കൈവരിക്കാൻ ഇനിയും ഏറെ മുന്നോട്ട് പോവാനുണ്ട്. ട്രേഡ് ഹോട്ടൽസ്, റെസ്റ്റോറന്റ്സ് വിഭാഗം ജി.എസ്.വി.എ.യിലെ ഏകദേശം 20% വരെ പങ്കുവഹിക്കുന്നു. ഇത് സേവന മേഖലയുടെ വലിയൊരു ഭാഗമാണ്.

ഐ.ടി., റിയൽ എസ്റ്റേറ്റ്, ട്രേഡ്, ലോജിസ്റ്റിക്സ് എന്നിവ നഗരവളർച്ചയുടെ കേന്ദ്രങ്ങൾ ആണ് ഇവയിൽ വ്യാപാര സംരംഭങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നു. സംസ്ഥാനത്തെ പരിമിതമായ ഭൂലഭ്യതയും ഉയർന്ന ചിലവും എം.എസ്.എം.ഇ. സംരംഭങ്ങളുടെ വളർച്ചയെ സാരമായി ബാധിക്കുന്നു. ഇത്തരം സംരംഭങ്ങൾക്ക് ആശ്വാസമേകാൻ സർക്കാർ നൽകിയ ചുമതലകൾ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുക എന്ന ലക്ഷ്യം മാറ്റി ഉത്പാദന സംരംഭങ്ങൾക്ക് കൈത്താങ്ങ് എന്ന മനോഭാവം പുലർത്തിയാൽ മാറ്റങ്ങൾക്ക് തുടക്കമാകും. കഴിഞ്ഞ കുറെ വർഷങ്ങളായി ഉത്പാദന സംരംഭങ്ങൾ ആരംഭിക്കാൻ വരുന്നവർക്ക് ആശ്വാസകരമായ നിരവധി മാറ്റങ്ങൾ സർക്കാർ കൊണ്ടുവന്നെങ്കിലും വേണ്ടത്ര പുതിയ സംരംഭകരിൽ ആവേശമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വാസ്തവമാണ്. എന്നാൽ സേവന മേഖലയിലാണ് ഏറെ മാറ്റങ്ങൾ പ്രകടമാകുന്നത്. മുതൽ മുടക്കാൻ താൽപര്യമുള്ളവർ ഏറെയുണ്ടെങ്കിലും മികച്ച ആശയം കണ്ടെത്തുന്നതിൽ പലരും പരാജയപ്പെടുന്നു. എന്നാൽ പൊരുതി ജയിച്ചവരെ അനുകരിക്കാൻ യാതൊരു മടിയുമില്ല. ഇത്തരം സംരംഭങ്ങൾ പിന്നീട് അനഭിലഷണീയമായ മത്സരത്തിലൂടെ നിലനിൽക്കാൻ പാടുപെടുന്നു. ഏറ്റവും പ്രധാനപ്പെട്ടത് വിപണന വെല്ലുവിളികൾ തന്നെയാണ്. ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ വിപണി കണ്ടെത്താനുള്ള പ്രയാസം വലിയ മുതൽമുടക്കിൽ സാങ്കേതിക മികവുള്ള വൻകിട കമ്പനികളുടെ ഉൽപാദനങ്ങളുമായി മത്സരിക്കാനാവാത്ത സ്ഥിതി വലിയ പരീക്ഷണം തന്നെ യാണ്.

എം.എസ്.എം.ഇ. മേഖലയിൽ ധനസഹായവും സബ്സിഡികളും ഏറെ പ്രയോജനകരമാണ്. യുവ സംരംഭകർക്ക് പ്രത്യേക ധനസഹായ പദ്ധതികൾ എം.എസ്.എം.ഇ., കെ.എഫ്.സി. വഴിയുള്ള വായ്പ ഗ്രാന്റുകൾ എല്ലാം ഇന്ന് ലഭ്യമാണ്.

എം.എസ്.എം.ഇ. മേഖല ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി നൈപുണ്യമുള്ള തൊഴിലാളികളെ ലഭിക്കുന്നില്ല എന്നതുതന്നെയാണ്. അതോടൊപ്പം പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക, ഡിജിറ്റൽ മാർക്കറ്റിംഗ്, ഇകൊമേഴ്സ് പ്ലാറ്റ് ഫോമുകൾ എല്ലാം ഉപയോഗപ്പെടുത്തിയാൽ ഉത്പാദന മേഖലയിലേക്ക് യുവസംരംഭകർ കൂടുതലായി കടന്ന് വരുമെന്ന കാര്യത്തിൽ തർക്കമില്ല. ഇതിന് വേണ്ടിയുള്ള ശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

സംസ്ഥാനത്ത് കൂടുതൽ സാദ്ധ്യതയുള്ളതും യുവസംരംഭകരെ ആകർഷിക്കുന്ന സംരംഭങ്ങളുടെ ഒരു മുൻഗണനാക്രമം ഉണ്ടാവുകയും അതിനെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ സമീപനം കൂടെയുണ്ടെങ്കിൽ ഏറെ പ്രയോജനപ്പെടും.

**കെ. ഇസ്ഹാഖ്**
കോഴിക്കോട് ജില്ലാ പ്രസിഡന്റ്

# സർവ്വം മുള മയം

## മുള ഉത്പന്നങ്ങളുടെ വിസ്മയ ലോകമൊരുക്കി **കേരള ബാംബൂ ഫെസ്റ്റ്**



**സൂരജ് എസ്.**
ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കെബിപ്പ്




കൺ പാർപ്പതെല്ലാം നിജം, ജൻ സികളുടെ ഭാഷയിൽ പറഞ്ഞാൽ *it's not delulu..*

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷനും കെബിപ്പും ചേർന്ന് സംഘടിപ്പിച്ച 22-മത് ബാംബൂ ഫെസ്റ്റിൽ സന്ദർശകരാകുന്ന ഓരോരുത്തരും തങ്ങളുടെ കണ്ണുകളിൽ കണ്ട മുളയുടെ വിസ്മയ ലോകത്തെ കാഴ്ചകൾ മനസ്സിൽ ഊട്ടിഉറപ്പിച്ചത് ഇങ്ങനെയായിരുന്നു. കണ്ടും കേട്ടും പതിഞ്ഞ മുളയിൽ നിന്നും നിർമ്മിക്കപ്പെടുന്ന വൈവിധ്യങ്ങൾ നിറഞ്ഞ ഉൽപ്പനങ്ങളെ 'സർവം മുള മയം' എന്നല്ലാതെ എന്ത് വിശേഷിപ്പിക്കാനാണ്.

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന കേരള ബാംബൂ ഫെസ്റ്റ് ഓരോ വർഷവും പുതുമയും ഉത്പന്ന വൈവിധ്യവും നിറച്ചു കൊണ്ട് ദൃശ്യ വിരുന്നൊരുക്കുന്ന മഹാ മേളയായി മാറിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ 22 വർഷക്കാലത്തിനിടയിൽ മഹാപ്രളയത്തിനും കോവിഡ് മഹാമാരിക്കും പോലും തടഞ്ഞു നിർത്താൻ കഴിയാത്ത കേരള ബാംബൂ ഫെസ്റ്റിന്റെ സംഘാടന മികവിൽ പൊതുജനങ്ങളും വിശ്വസ്തരാണ്. ഓരോ വർഷവും പുതുമയും നവീനവുമായ എന്തെങ്കിലും ബാംബൂ ഫെസ്റ്റ് കരുതി വച്ചിട്ടുണ്ടാകും എന്നുറപ്പാണ്. ആ വിശ്വാസം കാത്തു സൂക്ഷിച്ചു കൊണ്ട് സന്ദർശകർക്കും പൊതുജനങ്ങൾക്കും അക്ഷരാർത്ഥത്തിൽ കരകൗശല വിസ്മയമൊരുക്കിയാണ് 22 ആമത് ബാംബൂ ഫെസ്റ്റ് അരങ്ങൊഴിഞ്ഞത്.










# പെരുമയുയർത്തി ഉദ്ഘാടനം

രണ്ടു പതിറ്റാണ്ട്. തുടർച്ചയായ 22 വർഷങ്ങൾ. 2004 ൽ ആരംഭിച്ച വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റിവലിന്റെ തുടർച്ചയായ 22 ആം പതിപ്പിനാണ് 2025 ഡിസംബർ 26 ന് തിരി തെളിഞ്ഞത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പോലും പ്രതിസന്ധികളിൽ തളരാതെ 17-ാമത് 'ബാംബൂ ഫെസ്റ്റ്' വിർച്വൽ എക്സിബിഷനായി സംഘടിപ്പിച്ചിരുന്നു. തുടർന്ന് നടന്ന 18-ാമത് കേരള ബാംബൂ ഫെസ്റ്റ് കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. ഇടവേളയില്ലാത്ത കേരള ബാംബൂ ഫെസ്റ്റിന്റെ 22 ആം പതിപ്പിന് നിറപ്പകിട്ടാർന്ന തിരി തെളിഞ്ഞപ്പോൾ സംഘടനാ മികവും മുള മേഖലയിലെ കരകൗശല കലാകാരന്മാരുടെ പങ്കാളിത്തവും ചരിത്ര പുസ്തകത്തിൽ മറ്റൊരു അടയാളം കൂടി രേഖപ്പെടുത്തുകയായിരുന്നു.

സംസ്ഥാന വ്യവസായ - വാണിജ്യ വകുപ്പിനു വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 22- മത് കേരള ബാംബൂ ഫെസ്റ്റിന് 2025 ഡിസംബർ 26 ന് എറണാകുളം കലൂർ ജവഹർ ലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം മൈതാനത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മേള ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഹു. എറണാകുളം എം.എൽ.എ. ശ്രീ. ടി.ജെ. വിനോദ് അധ്യക്ഷനായി. ബഹു. കേന്ദ്ര വ്യവസായ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. തിരുച്ചി ശിവ എം.പി. മുഖ്യാതിഥിയായ ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് ആമുഖ പ്രഭാഷണം നടത്തി. എറണാകുളം ജില്ലാ കലക്ടർ ശ്രീമതി. ജി. പ്രിയങ്ക ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (വ്യവസായം) ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്., നാഷണൽ ബാംബൂ മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. അജിത്ത് കുമാർ, കേരള കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ. പി. രാമഭദ്രൻ, സംസ്ഥാന ബാംബൂ മിഷൻ / കെബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി.എ. നജീബ് എന്നിവർ സംസാരിച്ചു.



ആറു ദിവസങ്ങളിലായി സംഘടിപ്പിച്ച മേളയിൽ ഇരുപത്തിഅയ്യായിരത്തോളം പേർ സന്ദർശകരായി എത്തിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. 200 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300ഉം, ഇതര സംസ്ഥാനങ്ങളായ നാഗാലാൻഡ്, ആസാം, ത്രിപുര, ഒറീസ, കർണാടക, തെലങ്കാന, തമിഴ്നാട്, മണിപ്പൂർ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നും 23 ഓളം മുള കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ പങ്കാളിത്തം അന്താരാഷ്ട്ര തലത്തിലേയ്ക്ക് മേളയുടെ യശസ്സ് ഉയർത്തുന്നതിന് കാരണമായി.




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.